പട്ടിക ജാതിക്കാർ.

* 1370. [21] ശ്രീ കെ. ഇച്ചരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളസ്റ്റേറ്റിൽ പട്ടികജാതിക്കാരുടെ ജനസംഖ്യ എത്ര ;

(ബി) പട്ടികജാതിക്കാരിൽ എത്ര ശതമാനം പേർക്ക് എഴുത്തുവായനം വായിക്കുവാനും അറിയാം ;

(സി) പട്ടികജാതിക്കാരിൽ എത്ര ശതമാനം ആളുകൾ ഇന്നും ഗവണ്മെൻറുദ്യോഗങ്ങളിൽ ഉണ്ട് ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. ചാത്തൻ) :

(എ) 1951-ലെ സെൻസ്സ് പ്രകാരം കേരളത്തിലെ പട്ടികജാതിക്കാരുടെ ജനസംഖ്യ 12,5 ലക്ഷമാണ്.

(ബി, സി) വിവരങ്ങൾ ശേഖരിച്ചുവരുന്നു.

ലോവർ പ്രൈമറി സ്കൂളുകൾ തുറക്കാനുള്ള അപേക്ഷകൾ.

* 1371. [22] ശ്രീ. കെ. കൃഷ്ണമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ ഗിരിവർഗ്ഗപ്രദേശങ്ങളിൽ പുതിയതായി ലോവർ പ്രൈമറിസ്കൂളുകൾ തുറക്കാൻ അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എവിടെയെല്ലാം, എത്ര എണ്ണത്തിനു ;

(ബി) അട്ടപ്പാടിയിൽ മൂന്നു ലോവർപ്രൈമറിസ്കൂളുകൾ ആരംഭിക്കാൻ ഹരിജൻവെൽഫയർ ഡിപ്പാർട്ടുമെൻറിൽ നിന്നും അപേക്ഷിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിനനുമതി നൽകാൻ സദയമുണ്ടാകുമോ ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി) :

(എ, ബി) വിവരങ്ങൾ ശേഖരിച്ചു വരുന്നു.

(സി) ഈ കൊല്ലം പുതിയ സ്കൂളുകൾ തുറക്കേണ്ടതില്ലെന്നു പൊതുവേ തീരുമാനിച്ചിട്ടുള്ളതു.

കുറവിലങ്ങാട് സ്കീം.

* 1372. [23] ശ്രീ. ഏ. എം. കല്യാണകൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറവിലങ്ങാട് ഇറിഗേഷൻ സ്കീമിൻറെ പണിയാരംഭിച്ചിട്ട് എത്ര കാലമായി ;

(ബി) ഈ വർക്ക് എന്നത്തേക്ക് പൂർത്തിയാകുമെന്നു പറയാൻ സദയമുണ്ടാകുമോ ;

(സി) ഇതിനു മൊത്തം എത്ര ചെലവു വരും ?

നിയമവകുപ്പുമന്ത്രി (ശ്രീ. വി. ആർ. കൃഷ്ണയ്യർ) :

(എ) ഏകദേശം 25 കൊല്ലം.

(ബി) 1960 മാർച്ച് മാസത്തോടുകൂടി ഈ മേജർ പൂർത്തിയാക്കാമെന്നു പ്രതീക്ഷിക്കുന്നു.

(സി) ഏകദേശം 5.52 ലക്ഷം രൂപ.

LIBRARY ARCHIVES Kerala Legislative Assembly